**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2192** **05-02-2026 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പുതിയ കെട്ടിട നിർമ്മാണം 2026 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവിടെ സ്പെഷ്യാലിറ്റി ഡോക്ടർമാർ, മെഡിക്കൽ സൂപ്രണ്ട്, മറ്റ് സ്റ്റാഫുകൾ എന്നിവരുടെ നിയമനത്തിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങളും അതിന്റെ നിലവിലുള്ള അവസ്ഥയും വിശദമാക്കുമോ; | (ബി) | കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഗ്യാപ് അനാലിസിസ് നടത്തി പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | സമീപകാലത്ത് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചപ്പോൾ കൊണ്ടോട്ടി താലൂക്ക് ആശുപത്രി ഒഴിവാക്കപ്പെട്ടത് ജില്ലയിലെ ആരോഗ്യ വകുപ്പ് അപേക്ഷിക്കാത്തത് കൊണ്ടാണോയെന്ന് വ്യക്തമാക്കുമോ; | (സി) | മറുപടി പിരിവ് ബി യിൽ ചേർത്തിരിക്കുന്നു |
| (ഡി) | കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ച പോളി ദന്തൽ ക്ലിനിക്കിൽ ഡോക്ടറെ കൂടാതെ മറ്റ് തസ്തികകൾ കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ആശുപത്രിയിലെ പോളി ദന്തൽ ക്ലിനിക്ക് ബിൽഡിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് ഡെന്റൽ അസിസ്റ്റന്റ്, ഡെന്റൽ സ്പെഷ്യലിസ്റ്റ് തസ്തികകളിലേക്ക് എം.എച്ച്.എം മുഖേന നിയമനം നടത്തുന്നതാണ്. |
| (ഇ) | കൊണ്ടോട്ടി താലൂക്ക് ആശുപത്രിക്ക് താലൂക്ക് ആശുപത്രി നിലവാരത്തിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | മറുപടി പിരിവ് ബി യിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ